# അൽമായവേദി

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ മുഖപത്രം

സുന്ത്രോണിസോ സപ്ലിമെന്റ് ഫെബ്രുവരി 22 – 2011 M2. 18821/06 

# അഹമ്മദാബാദ് ഭദ്രാസനം വളർച്ചയുടെ പന്ഥാവിൽ

തോമസ് ചാണ്ടി (ജനറൽ സെക്രട്ടറി – അൽമായവേദി)

അഹമ്മദാബാദ് ഭദ്രാസനത്തിന്റെ പ്രഥമ പൂർണ്ണസമയ മെത്രാപ്പോലീത്തായുടെ സന്ത്രോണീസോ മാർച്ചുമാസം 6-ാം തീയതി നടക്കുന്നതോടെ ഭദ്രാസനം വളർച്ചയുടെ പുതിയ യുഗത്തിലേക്ക് പ്രവേശിക്കുകയാണ്. പ: കാതോലിക്കാബാവായും ഗുജറാത്ത ഗവർണ്ണറും മലങ്കര മെത്രാപ്പോലീത്തയായിരുന്ന പുലിക്കോട്ടിൽ ദിവന്നാസ്യോസ് ഉൾപ്പെടെ 7 മെത്രാന്മാൻമാർക്ക് സ്വേച്ഛാധിപത്യപരമായി ഭദ്രാസനങ്ങൾ നൽകുകയും ചെയ്ത സംഭവമാണ് ഇവിടെ പരാമർശിക്കപ്പെടുന്നത്. ദിവന്നാസ്യോസ് ന് ലഭിച്ചത് അന്ന് ഏറ്റവും അവികസിതമായിരുന്ന കൊല്ലം ഭദ്രാസനമാണ്. എന്നാൽ



പ: ബസേലിയോസ് മാർത്തോമ്മാ പൗലോസ് II



അഭി: ഗീവർഗ്ഗീസ് മാർ യൂലിയോസ് (പുലിക്കോട്ടിൽ) മെത്രാപ്പോലീത്ത

ഉൾപ്പെടെ അനേകം വിശിഷ്ട വ്യക്തികളുടെ സാന്നിദ്ധ്യം സുന്ത്രോണിസോക്ക് മാറ്റ് വർദ്ധിപ്പിക്കുന്നു.

അതിവേഗം വ്യാവസായിക വളർച്ച കൈവരിച്ചുകൊണ്ടിരിക്കുന്ന ഗുജറാത്ത് സംസ്ഥാനത്തേക്ക് ഉദ്യോഗ-വ്യവസായ ലക്ഷ്യങ്ങളോടെ അനേകം മലയാളികൾ കുടിയേറി പാർക്കുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നതിനുള്ള ലക്ഷ്യത്തോടെയും അനേകർ ഗുജറാത്തിലും രാജസ്ഥാനിലും താമസമാക്കുന്നുണ്ട്. സ്വാഭാവികമായും അതിൽ മലങ്കര നസ്രാണികൾ ധാരാളമുണ്ടാകുമല്ലോ. ബോംബെ, ഡൽഹി മുതലായ മഹാനഗരങ്ങളിലുള്ളത്ര സംഖ്യാപരമായും ധനശേഷിയിലും താരതമ്യം ചെയ്യുവാനാവില്ലെങ്കിലും വികസന സാദ്ധ്യത ധാരാളമുള്ള ഒരു ഭദ്രാസനമാണ് അഹമ്മദാബാദ്.

ചരിത്രത്തിന്റെ ഒരു തനിയാവർത്തനം ഇവിടെ സംഭവ്യമാണ്. പത്രോസ് പാത്രിയർക്കീസ് 6 മെത്രാന്മാരെ വാഴിക്കയും അന്നത്തെ

കാലാന്തരത്തിൽ കൊല്ലം ഭദ്രാസനം മലങ്കരസഭയിലെ രണ്ടാമത്തെയോ മൂന്നാമത്തെയോ ശക്തമായ ഭദ്രാസനം എന്ന നിലയിൽ വളരുവാൻ സംഗതിയായിത്തീർന്നു. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് , അലക്സിക്കോസ് മാർ തേവോദാസ്യോസ്, കല്ലാശ്ശേരിൽ ഗീവർഗ്ഗീസ് മാർ ഗ്രീഗോറിയോസ്, (പിന്നീട് ഗീവർഗ്ഗീസ് ബാവാ) എന്നീ പ്രഗത്ഭരായ മെത്രാപ്പോലീത്താമാരുടെ ഭരണപാടവം ഈ ഭദ്രാസനത്തിന്റെ വളർച്ചയ്ക്ക് കുറവൊന്നുമല്ല സഹായകമായത്.

മലങ്കരസഭാ ഭരണഘടനയനുസരിച്ചുള്ള നടപടിക്രമങ്ങളിലൂടെ പുലിക്കോട്ടിൽ തറവാട്ടിൽ നിന്നുതന്നെയുള്ള ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായ്ക്ക് ആദ്ധ്യാത്മികമായും ജഡപ്രകാരേണയും പൂർവ്വികനായ ദീവന്നാസ്യോസ് ന്റെ നേട്ടം ആവർത്തിക്കാൻ സാധിക്കട്ടെ എന്ന് അൽമായവേദി ആശംസിക്കുന്നു.

●

**AKHILA MALANKARA ORTHODOX ALMAYAVEDHI**

**അൽമായവേദിസംബന്ധമായ കാര്യങ്ങൾക്ക് താഴെപ്പറയുന്നവരുമായി മാത്രം ബന്ധപ്പെടുക. പൊതുവായ കാര്യങ്ങൾ:** കെ.വി. ഏബ്രഹാം കൊടുവത്ത് (പ്രസിഡന്റ്) ഫോൺ : 9895561426 **നയപരമായ കാര്യങ്ങൾ:** തോമസ് ചാണ്ടി (ജനറൽ സെക്രട്ടറി) ഫോൺ : 9745607714 **പ്രസദ്ധീകരണം സംബന്ധിച്ച കാര്യങ്ങൾ :** ഫീലിപ്പോസ് പൊട്ടക്കാവയലിൽ (എഡിറ്റർ) ഫോൺ : 9388591988 **സാമ്പത്തിക കാര്യങ്ങൾ, വരിസംഖ്യ സംഭാവന മുതലായവ :** ജോർജ്ജ് മാത്യു ചക്കാലപ്പറമ്പിൽ (ട്രഷറർ) ഫോൺ :

# മലങ്കരയുടെ വലിയ മല്പാൻ

ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ്സ്
(അഹമ്മദ്ബാദ് ഭദ്രാസന മെത്രാപ്പോലീത്ത)

സഭാ ഭാസുരൻ പ. വട്ടശ്ശേരിൽ ദീവന്നാസ്യോസ് തിരുമേനിയുടെ 77-ാം ചരമവാർഷിക പെരുന്നാളിനോടനുബന്ധിച്ച് അൽമായവേദി പ്രസിദ്ധീകരിക്കുന്ന സ്പെഷ്യൽ പതിപ്പിൽ ആമുഖലേഖനം എഴുതുവാൻ ഇടയാകുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. പ. വട്ടശ്ശേരിൽ തിരുമേനിയെക്കുറിച്ച് ഒട്ടനവധി വായിക്കുകയും കേൾക്കുകയും ചെയ്തിട്ടുണ്ടെങ്കിലും അദ്ദേഹത്തെക്കുറിച്ച് എഴുതുവാൻ ലഭിക്കുന്ന ആദ്യത്തെ അവസരമാണിത്.

മലങ്കരസഭ കണ്ടിട്ടുള്ളതിലേയ്ക്കുംവച്ച് ഏറ്റവും പ്രഗത്ഭരായ മല്പാൻമാരിൽ ഒരാളായിരുന്നു പ. വട്ടശ്ശേരിൽ തിരുമേനി. സഭാചരിത്രം, കാനോൻ, ആരാധന എന്നുവേണ്ട സഭാസംബന്ധിയായ എല്ലാ വിഷയങ്ങളിലും ഏറെ അവഗാഹവും അത് ശിഷ്യരിലേക്ക് നൽകുവാനുമുള്ള കഴിവും അദ്ദേഹത്തിന് ഉണ്ടായിരുന്നു. ആ മഹാഭണ്ഡാരത്തിന്റെ ഒരംശം മാത്രമാണ് അദ്ദേഹം എഴുതിയ മതോപദേശസാരങ്ങൾ. പുസ്തകപ്രകാശനം അത്ര എളുപ്പമല്ലായിരുന്ന കാലത്ത് സഭാവേദശാസ്ത്രത്തെക്കുറിച്ച് ആധികാരികമായി ഒരു ഹാൻഡ്ബുക്ക് തയ്യാറാക്കി വിശ്വാസികളുടെ കയ്യിൽ എത്തിക്കുക എന്ന ദൗത്യമാണ് ആ ഗ്രന്ഥത്തിലൂടെ അദ്ദേഹം സാധ്യമാക്കിയത്. പ്രസംഗിക്കുന്നതുപോലെ എളുപ്പമല്ല എഴുതിപ്രസിദ്ധീകരിക്കുന്നത് എന്നതുകൊണ്ടായിരിക്കാമല്ലോ പല ആധുനിക മല്പാന്മാരിൽ നിന്നുപോലും ഇന്നും ഈടുറ്റ ഗ്രന്ഥങ്ങൾ ഉണ്ടാകാത്തത്.

തത്വദീക്ഷയുള്ള ഉത്തമ ജനനേതാവ് എന്നതാണ് അദ്ദേഹത്തിന് കൊടുക്കാവുന്ന മറ്റൊരു വലിയ വിശേഷണം. ശ്രീ. ഇസ്സഡ് എം. പാറേട്ടിന്റെ ഒട്ടനവധി സാക്ഷ്യങ്ങളും ദിവ്യശ്രീ. വി. സി. സാമുവേലച്ചന്റെ

എന്ന ഗ്രന്ഥവും വായിച്ചിട്ടുള്ളവർക്ക് അത് ബോധ്യപ്പെടും. തുടർച്ചയായുള്ള കേസ്‌വിസ്താരത്തിൽ ഒരു തത്വത്തിൽ ഉറച്ചുനിന്നും പൂർണ്ണ പ്രതിപക്ഷ ബഹുമാനവും ആദരവും നിലനിർത്തിക്കൊണ്ടുമാണ് അദ്ദേഹം മൊഴികൾ നൽകിയിട്ടുള്ളത്.

മലങ്കരസഭയുടെ അന്ത്യോഖ്യാബന്ധം, ഒപ്പം പൂർണ്ണ സ്വാതന്ത്ര്യവും എന്നതായിരുന്നുവല്ലോ അദ്ദേഹത്തിന്റെ ഭരണകാലത്തെ ഏറ്റവും വലിയ വെല്ലുവിളി. ഏതാനും വാക്കുകളിൽ പറഞ്ഞാൽ മലങ്കരസഭ പൂർണ്ണ



മലങ്കരയുടെ പ്രഖ്യാപിത പരിശുദ്ധൻ
മലങ്കരസഭാ ഭാസുരൻ

**അൽമായവേദിയുടെ
പേട്രൺ സെയ്ന്റ്
മലങ്കരമെത്രാപ്പോലിത്ത
ഗീവർഗ്ഗീസ് മാർ
ദീവന്നാസ്യോസ്
എന്ന പരി. വട്ടശ്ശേരിൽ
ദീവന്നാസ്യോസ്**

സ്വതന്ത്ര സഭയാണെന്നും ഒപ്പം പൗരസ്ത്യ ഓർത്തഡോക്സ് സഭകളുമായി പൊതുവായും സുറിയാനി സഭയുമായി അന്നത്തെ ചരിത്ര പശ്ചാത്തലത്തിൽ പ്രത്യേകിച്ചും നല്ല സാഹോദര്യ ബന്ധം ഉണ്ടാകണമെന്ന് അദ്ദേഹം ആഗ്രഹിക്കുകയും അതിനായി എല്ലാ ക്ലേശങ്ങളും നിന്ദയും സഹിച്ചും പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. പ. പാത്രിയർക്കീസുമാരുടെ മുടക്കുകൊണ്ട് ആരും ദൈവത്താലോ മലങ്കര സഭയാലോ മുടക്കപ്പെടുകയില്ലാ എന്ന് പൂർണ്ണമായും അറിയാമായിരുന്നിട്ടും ആ മുടക്കിനെ ബഹുമാനിക്കുകയും പ. പാത്രിയർക്കീസ്മാരെ ആദരിക്കുവാൻ ശ്രമിക്കുകയും ചെയ്തത് ഈ നല്ല സഭാബന്ധം നിലനില്ക്കണം എന്ന ആഗ്രഹത്താൽ ആയിരിക്കണം. എന്നാൽ പാത്രിയർക്കീസുമാരുടെ മേലാളത്തവും ആത്മീയ അഹന്തയും മലങ്കരയെ വിഴുങ്ങിക്കളയുമെന്ന നിലവന്നപ്പോഴൊക്കെ ആ കേസരി ഗർജ്ജിക്കുകയും അവരെ നിലയ്ക്കു നിർത്തുകയും ചെയ്തിട്ടുണ്ട്. സുറിയാനി സഭയുമായുള്ള കാനോനികവും ചരിത്രപരവുമായ ബന്ധം നിലനിർത്തണമെന്ന ആഗ്ര

*ശേഷം 2-ാം പേജിൽ*

# ഭാസുരനായ കാവൽ പിതാവിന്റെ സ്മരണയിൽ അൽമായവേദി

*അൽമായവേദിയുടെ കാവൽപിതാവായ പ: വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിന്റെ ഓർമ്മ പെരുന്നാളിനോടനുബന്ധിച്ച് ഈ വർഷവും ഒരു സെമിനാർ സംഘടിപ്പിച്ചു. വട്ടശ്ശേരിൽ തിരുമേനിയുടെ സഭാസമാധാനശ്രമങ്ങൾ എന്നതായിരുന്നു സെമിനാർ വിഷയം. പുതുപ്പള്ളി സെന്റ് ജോർജ്ജ് വലിയ പള്ളിയിൽ നടന്ന സെമിനാറിൽ അഭി. ഡോ. ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്ത മുഖ്യ പ്രഭാഷണം നടത്തി. വെരി റവ: തോമസ് പോൾ മാറാച്ചേരിൽ റമ്പാൻ പ്രത്യേക പ്രഭാഷണം നിർവ്വഹിച്ച യോഗത്തിൽ പുതുപ്പള്ളി സെന്റ് ജോർജ്ജ് പള്ളി വികാരി ഫാ. തോമസ് ഏബ്രഹാം അദ്ധ്യക്ഷത വഹിച്ചു. ഫീലിപ്പോസ് പോട്ടക്കാവയലിൽ (എഡിറ്റർ, അൽമായവേദി) തോമസ് ചാണ്ടി (ജനറൽ സെക്രട്ടറി) ജ്യോതിഷ് പോൾ കുറിച്ചി എന്നിവർ പ്രസംഗിച്ചു. പ്രധാന പ്രഭാഷണങ്ങളുടെ രത്നച്ചുരുക്കം താഴെ ചേർക്കുന്നു.*

## സഭാ ഭാസുരൻ ഒരു യുഗപുരുഷൻ

**ഡോ. ജോസഫ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്ത**

മലങ്കരസഭാ ഭാസുരൻ ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തയുടെ ദർശനങ്ങൾ സർവ്വകലാശാലാ തലത്തിൽ ഗവേഷണ വിഷയമാകുന്നകാലം വിദൂരമല്ല എന്ന് അഭി. ഡോ. ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്ത പ്രസ്താവിച്ചു. ഭക്തി, ഭരണപാടവം, പ്രാർത്ഥനാജീവിതം, ദീർഘദർശനം, കുശാഗ്രബുദ്ധി എന്നിങ്ങനെ ഒരു ദൈവപുരുഷനും ഭരണകർത്താവിനും ആവശ്യമായ നിരവധി ഗുണങ്ങളുടെ വിളനിലമായിരുന്നു സ്മര്യപുരുഷൻ. ഒരേസമയം ഗാംഭീര്യവും വിനയവും എന്ന പരസ്പരവിരുദ്ധമായ ഗുണങ്ങൾ അദ്ദേഹത്തിൽ സ്ഥിതി ചെയ്തിരുന്നു. തന്റെ ഗുരുവായ പത്തനാപുരം ദയറായിലെ കാലംചെയ്ത തോമ്മാ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും കേട്ടറിഞ്ഞ അനേകം കാര്യങ്ങൾ സദസ്യരുമായി തിരുമേനി പങ്കുവച്ചു. വൈദേശികാധിപത്യത്തിനെതിരെ കൂനൻകുരിശുവിപ്ലവത്തിലൂടെ പോരാടിയ മലങ്കര നസ്രാണിയുടെ സ്വാതന്ത്ര്യബോധത്തിന്റെയും സ്വാഭിമാനത്തിന്റെയും മൂർത്തീഭാവമായിരുന്നു പ: വട്ടശ്ശേരിൽ തിരുമേനി. വിനയമെന്നാൽ അടിമത്തം എന്നല്ല അർത്ഥമെന്നും തത്വങ്ങളിൽ അടിയുറച്ചു നിന്നുകൊണ്ടുതന്നെ എതിർക്കുന്നവരെ വാക്കുകൊണ്ടോ പ്രവർത്തികൊണ്ടോ വേദനിപ്പിക്കാതിരിക്കുകയെന്ന ഉദാത്തഭാവമാണ് തിരുമേനിയിലൂടെ പ്രകാശിതമായത്.

അൽമായവേദിയുടെ വീക്ഷണങ്ങളേയും പ്രവർത്തനങ്ങളേയും അഭി. തിരുമേനി മുക്തകണ്ഠം ശ്ലാഘിച്ചു. സഭാസ്നേഹികളുടെയും നസ്രാണി സ്വത്വബോധത്തിന്റെയും മുന്നണി പടയാളികളാതിത്തീരുവാൻ അൽമായവേദിക്ക് സാധിക്കട്ടെ എന്ന് അദ്ദേഹം ആശംസിച്ചു.

## സഭാവിഭജന വാദം വട്ടശ്ശേരിൽ തിരുമേനിയുടെ നിലപാടുകളെ നിഷേധിക്കുന്നത്

**തോമസ് പോൾ മാറാച്ചേരിൽ റമ്പാൻ**

വട്ടശ്ശേരിൽ തിരുമേനി ആയുഷ്ക്കാലം മുഴുവൻ പോരാടിയ തത്വങ്ങളുടെ നിഷേധമാണ് സഭാവിഭജന വാദമെന്ന് തോമസ് പോൾ മാറാച്ചേരിൽ റമ്പാൻ പ്രസ്താവിച്ചു. വടക്കൻ പ്രദേശത്തെ ഓർത്തഡോക്സ് വിശ്വാസികൾ നേരിടുന്ന നിരവധി പീഡനങ്ങളെ അദ്ദേഹം സദസ്സിനു മുന്നിൽ അവതരിപ്പിച്ചു. നിരവധി പ്രതികൂലസാഹചര്യങ്ങളെ നേരിടുവാൻ അവിടെയുള്ള ജനങ്ങളെ പ്രാപ്തരാക്കുന്നത് പരിശുദ്ധ പിതാവിന്റെ മദ്ധ്യസ്ഥതയാണ്.. വടക്കൻപ്രദേശത്തുള്ള നല്ല പങ്ക് വിശ്വാസികളും ഓർത്തഡോക്സ് സഭയുടെ ഭരണക്രമത്തോട് ആഭിമുഖ്യമുള്ളവരാണ്. നിഷ്പക്ഷമായ രീതിയിൽ ഒരു ഹിതപരിശോധന നടത്തിയാൽ ഈ വസ്തുത തെളിഞ്ഞുവരും. യാക്കോബായവിഭാഗം 2002 ൽ സൃഷ്ടിച്ച ഭരണഘടന അവർക്കുള്ളിൽ ശിഥിലീകരണത്തിന്റെ വിത്തുകൾ പാകിക്കഴിഞ്ഞു. എൽദോപെരുന്നാളിന്റെ ശുശ്രൂഷകൾ തലേന്നു സന്ധ്യക്ക് നടത്തണമെന്നും പള്ളികൾക്കോ വൈദികർക്കോ അത് മാറ്റുവാൻ അവകാശമില്ലെന്നും പറഞ്ഞുള്ള മറുവിഭാഗത്തിന്റെ തലവൻ നൽകിയ കൽപ്പനയ്ക്ക് അവർ കൈവശം വച്ചിരിക്കുന്ന വടക്കുള്ള പള്ളികളിൽ കടലാസിന്റെ വില പോലും നൽകിയില്ല. മുൻപതിവുപോലുള്ള സമയക്രമം പാലിച്ചാണ് വടക്കൻ പള്ളികളിൽ ആരാധനകൾ നടന്നത്. ജനത്തിന്റെ കയ്യടി നേടുവാനും പള്ളികൾ കയ്യടക്കുവാനും മറ്റും ലക്ഷ്യമാക്കി നടത്തിയ പ്രവർത്തനങ്ങൾ ഇപ്പോൾ അവർക്കുതന്നെ വിനയായിത്തീർന്നിരിക്കയാണ്.

പ: വട്ടശ്ശേരിൽ തിരുമേനിയുടെ നേതൃത്വത്തിൽ സഭ യോജിച്ചുപോകാൻ സാധിക്കാത്തത് നിർഭാഗ്യകരമായിപ്പോയി എന്ന പരാമർശം യാക്കോബായ വിഭാഗത്തിന്റെ സൺഡേസ്ക്കൂൾ പാഠപുസ്തകത്തിൽ അടുത്തകാലം വരെ ഉണ്ടായിരുന്നു എന്നതിൽ നിന്നുതന്നെ പ: പിതാവിന്റെ മാഹാത്മ്യം മനസ്സിലാക്കാം.

വടക്കുള്ള വേദനയനുഭവിക്കുന്ന സഭാംഗങ്ങൾക്ക് അൽമായവേദി നൽകുന്ന കൈത്താങ്ങൽ ഏറ്റം വിലപ്പെട്ടതാണ്. സഭയ്ക്ക് ശക്തിയും ഊർജ്ജവും പകരുന്ന ഒരു പ്രസ്ഥാനമായി തുടർന്നും പ്രവർത്തിക്കുവാൻ അൽമായവേദിക്ക് സാധിക്കട്ടെ എന്ന് അഭി. റമ്പാച്ചൻ ആശംസിച്ചു.

1-ാം പേജിൽ നിന്നും .... **മലങ്കരയുടെ വലിയ മല്പാൻ**

ഹത്താൽ തന്നെയാണ് അദ്ദേഹവും സഹപ്രവർത്തകരും പ. കാതോലിക്കാസ്ഥാപനത്തിന് അന്നത്തെ പ. പാത്രിയർക്കീസ് ബാവ അബ്ദോദ് മശീഹായെ ഭാരതത്തിൽ എത്തിച്ചതും പില്ക്കാലത്ത് സഭാഭരണഘടനയുടെ പ്രാഥമിക ശീർഷകങ്ങളിൽതന്നെ ഈ സഭകൾ തമ്മിലുള്ള ഉയർന്ന ബന്ധം നിർവ്വചിക്കുകയും ചെയ്തത് എന്ന് വ്യക്തമാണ്.

പൗരസ്ത്യ കാതോലിക്കേറ്റിന്റെ മലങ്കരയിലേക്കുള്ള പുനഃസ്ഥാപനമായിരുന്നുവല്ലോ മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ അദ്ദേഹത്തിന്റെ കാലഘട്ടത്തിലെ ഒരു സുപ്രധാന സംഭവം. എന്തുകൊണ്ടാണ് പൗരസ്ത്യ കാതോലിക്കേറ്റ് മലങ്കരയിൽ പുനഃസ്ഥാപിക്കണമെന്ന് പ: വട്ടശ്ശേരിൽ തിരുമേനിയും പ. അബ്ദോദ് മശിഹാബാവയും ഒരുപോലെ ആഗ്രഹിച്ചത്? മലങ്കരസഭയ്ക്ക് എന്തെങ്കിലും കുറവുകൾ ഉണ്ടായിരുന്നത് പരിഹരിക്കുവാനുള്ള ശ്രമമായിരുന്നോ അത്? പ: കാതോലിക്കേറ്റ് സ്ഥാപനശതാബ്ദിയുടെ പശ്ചാത്തലത്തിൽ ഇക്കാര്യവും പഠനവിഷയമാക്കേണ്ടതാണ്.

ഒന്നാം ലോകമഹായുദ്ധത്തിന്റെ നാന്ദി മുഴങ്ങുകയും ലോകമൊക്കെയും പ്രത്യേകിച്ച് മദ്ധ്യപൗരസ്ത്യ നാടുകൾ ആ മഹാവിപത്ത് ആസന്നമാകുന്നുവെന്നു മനസ്സിലാക്കുകയും ചെയ്ത കാലം. പ: കാതോലിക്കേറ്റ് നിലനിന്നിരുന്ന മദ്ധ്യപൗരസ്ത്യ ദേശങ്ങളെല്ലാം മുസ്ലീം അധിനിവേശത്തിൽപ്പെട്ട് ഇല്ലാതായി എന്നു മാത്രമല്ല അന്ത്യോഖ്യാ സിംഹാസനം തന്നെ തുർക്കി സുൽത്താനേറ്റിന്റെ പൂർണ്ണ രാഷ്ട്രീയ അടിമയായും ഒപ്പം റോമാ സഭയുടെ ദാസനായി പിൻവാതിലിലൂടെ അകത്തു കടന്ന അബ്ദുള്ള പ. സിംഹാസനത്തിൽ വാണരുളുകയും ചെയ്യുന്ന കാലം, പൗരസ്ത്യ സഭകളുടെ നിലനിൽപു തന്നെ അത്യപകടാവസ്ഥയിലാരുന്ന ഇക്കാലത്ത്, സ്ഥിരതയോടെ, വിശ്വാസതീഷ്ണതയിൽ, ദൈവകൃപയാൽ വളരുന്ന ഒരു സഭയായിരുന്നു മലങ്കരസഭ.

പ. മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതവും പൂർണ്ണ സ്വയംഭരണ സംവിധാനങ്ങളിൽ വളർന്നുവരുകയും എന്നാൽ എക്കാലത്തും മറ്റു പൗരസ്ത്യ സഭകളുമായി നല്ല ബന്ധം നിലനിർത്തുകയും ചെയ്ത മലങ്കരയിൽ പൗരസ്ത്യ കാതോലിക്കേറ്റ് എന്ന പൊതുസഭാ പാരമ്പര്യത്തിന്റെ സിംഹാസനം (അത് വി. പത്രോസിന്റേതല്ല; വി. തോമ്മാശ്ലീഹായുടെ) സ്ഥാപിതമാകുന്നുവെങ്കിൽ ഭാവിയിലെ അവശ്യ സാഹചര്യങ്ങളിൽ ആഗോളസഭയ്ക്ക് നേതൃത്വം നൽകുവാൻ അത് ഉപകരിക്കുമെന്ന വിശാലവീക്ഷണമായിരുന്നു ആ പരിശുദ്ധ പിതാക്കന്മാരെ ആ നിലയിൽ ചിന്തിപ്പിച്ചത്. അല്ലാതെ മലങ്കരസഭയ്ക്ക് എന്തെങ്കിലും കുറവുണ്ടായിരുന്നുവെന്നോ, സിംഹാസനസ്ഥാപനം കൊണ്ട് അത് പരിഹരിക്കപ്പെടുമെന്നോ ഉള്ള മൗഢ്യചിന്ത സ്വതന്ത്രദാഹിയായ പ: വട്ടശ്ശേരിൽ തിരുമേനിയിൽ ഉണ്ടായിരുന്നില്ല; മറിച്ച് അവശ്യസന്ദർഭങ്ങളിൽ ആഗോളസഭയെന്ന് പൊതുവേയും പൗരസ്ത്യസഭകൾക്ക് പ്രത്യേകിച്ചും ആത്മീയ നേതൃത്വം കൊടുക്കുക എന്ന ചുമതലയാണ് കാതോലിക്കേറ്റിന്റെ പുനഃസ്ഥാപനത്തിലൂടെ അദ്ദേഹം വിവക്ഷിച്ചത് എന്ന് മനസ്സിലാക്കാം. പിൽക്കാലത്ത് സഭകളുടെ ലോക കൗൺസിൽ സ്ഥാപിതമായ വേളയിൽ അതിൽ മലങ്കരസഭയ്ക്ക് അംഗത്വം നേടിയെടുക്കുവാനും ആഗോളക്രൈസ്തവ കൂട്ടായ്മയ്ക്ക് നേതൃത്വം നൽകുവാനും തീരുമാനങ്ങളെ നിർണ്ണായകമായി സ്വാധീനിക്കുവാനുമുള്ള പ്രാഗത്ഭ്യം ഈ പാവപ്പെട്ട കൊച്ചു സഭയ്ക്ക് കൈവന്നതും ഈ വലിയ ദർശനത്തിന്റെ സ്വാഭാവിക പരിണാമമായിരുന്നു.

ഇരുപതാം നൂറ്റാണ്ടിലെ മലങ്കര സഭയ്ക്ക് നേതൃത്വം നൽകുവാൻ ക്രാന്തദർശിയായ സഭാതേജസ്സ് പുലിക്കോട്ടിൽ വലിയ തിരുമേനി ആദ്യം തെരഞ്ഞെടുത്തിരുന്നത് പ. പരുമല തിരുമേനിയെയായിരുന്നല്ലോ. എന്നാൽ ദൈവം അദ്ദേഹത്തെ ഉയരങ്ങളിലിരുന്ന സഭാമക്കൾക്കു വേണ്ടി മദ്ധ്യസ്ഥം യാചിക്കുക എന്ന പദവിയിലേക്ക് നിയിച്ചപ്പോൾ മറ്റൊരു നേതാവിനെ കണ്ടുപിടിക്കേണ്ടത് അത്യാവശ്യമായി വന്നു. പുലിക്കോട്ടിൽ തിരുമേനിയുടെയും പ. സഭയുടെയും മുമ്പാകെ സംശയലേശമെന്യേ കടന്നുവന്ന നാമം വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മല്പാന്റേതായിരുന്നു. പുലിക്കോട്ടിൽ തിരുമേനി ജീവിച്ചിരിക്കെ, അദ്ദേഹത്തിന് കേവലം 73 വയസ്സു മാത്രം പ്രായമുള്ളപ്പോൾ, പിൻഗാമിയായി തന്റെ തന്നെ സ്ഥാനനാമത്തിൽ വട്ടശ്ശേരിൽ തിരുമേനിയെ വാഴിക്കുവാൻ അദ്ദേഹം മടിച്ചില്ലാ എന്നതുതന്നെ വട്ടശ്ശേരിൽ തിരുമേനിയുടെ നേതൃത്വഗുണത്തിന് ലഭ്യമായ വലിയ അംഗീകാരമായി മനസ്സിലാക്കാവാവുന്നതാണ്.

മലങ്കരയുടെ സഭാഭാസുരൻ പ. വട്ടശ്ശേരിൽ തിരുമേനി നൽകുന്ന ദർശനം സർവ്വ സ്വതന്ത്രയായ, സമാധാനമുള്ള ഒരു ദേശീയ സഭ എന്നതാണ്. ആ പരിശുദ്ധ പിതാവിന്റെ ദർശനം മലങ്കരയിൽ സാധ്യതമായി തീരുവാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ○

**അൽമായവേദി**

**വാർഷിക വരിസംഖ്യ: 150 രൂപ (ഇന്ത്യയിൽ)**

മണിഓർഡർ അയയ്ക്കുമ്പോൾ ശ്രീ. ജോർജ്ജ് മാത്യു, ട്രഷറർ, അൽമായവേദി, ചക്കാലപ്പറമ്പിൽ വടക്കേവീട്, പുത്തനങ്ങാടി, കോട്ടയം-1 എന്ന വിലാസത്തിൽ അയയ്ക്കുവാൻ അഭ്യർത്ഥിക്കുന്നു.

ലേഖനങ്ങൾ, കത്തുകൾ എന്നിവ അയക്കേണ്ട വിലാസം:

AKHILA MALANKARA ORTHODOX
ALMAYA VEDI, Post Box No. 652, Kottayam-686001



Almayavedhi: Printed and published by K.V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedhi, P.B. No. 652, Kottayam-686 001. Published from Kottayam. Editor: Philipose Pottakkavayalil Ph: 9349754448. **For Private Circulation Only**